

ഉയരെ
പറക്കാം

# എന്റെ വിദ്യാലയം





EDITORIAL BOARD
EDITOR IN CHIEF : Smt.GANGA DEVI R
STAFF EDITOR
Smt.SREERENJINI S
STUDENT EDITOR
BASITH ALI S


EDITORIAL MEMBERS
AHMAD FOUSAN 9C
SOURAG 9E
FIDA FATHIMA 9B
SUFIYAN N 9C
AL-SABITH S 9D
AADIL N 9E
ASNA 9B


അക്ഷരപ്പൂക്കളുടെ സൗരഭ്യം
ഞങ്ങളുടെ പ്രിയപ്പെട്ടവർക്ക് നുകരുവാനായി
പരിമിതികൾക്കുള്ളിൽ നിന്ന് ഞങ്ങൾ തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിൻ
ഉയരെ പറക്കാം
നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു
LITTLEKITES
SBVSGHSS PANMANAMANAYIL


താളുകളിലൂടെ..................





# മുഖമൊഴി

ഗംഗാദേവി ടീച്ചർ -ഹെഡ്മിസ്ട്രസ്

കാലത്തിന്റെയും,ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും,അവബോധങ്ങൾക്കുമനുസരിച്ച് വിദ്യാഭ്യാസം നിരന്തരം നവീകരിക്കപ്പെടേണ്ടതാണ്. വിദ്യാഭ്യാസത്തിന് എന്നും കാലോചിതമായ പരിഷ്കരണങ്ങൾ അനിവാര്യമാകുന്നു. . മെച്ചപ്പെട്ട സാമൂഹിക ജീവിതത്തിന് വേണ്ടി വ്യക്തിയെ തയ്യാറാക്കുക,സ്വയം തിരിച്ചറിയാനും ,സ്വന്തം കഴിവ് പ്രയോജനപ്പടുത്തുവാനും ,സമൂഹത്തിൽ നന്നായി ജീവിക്കാനും വിദ്യാഭ്യാസം നമ്മെ പ്രാപ്തരാക്കുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി വിഭാവനം ചെയ്യുന്നത് മതനിരപേക്ഷവും തൊഴിലധിഷ്ഠിതവുമായ വിദ്യാഭ്യാസമാണ്. ബാല്യ –കൗമാര കാലഘട്ടം ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏറ്റവും മനോഹരമായ കാലഘട്ടമാണ്.കേവലംപാഠപുസ്തകത്തിലെ അറിവിനെക്കാളുപരി സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിദ്യാഭ്യാസമാണ് ഓരോ കുട്ടിക്കും അഭിലഷണീയം . പുതുതലമുറയെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് വിവര സാങ്കേതിക വിദ്യയാണ്... ആധുനിക സാങ്കേതിക വിദ്യയിൽ നിപുണരായ ഒരു സമൂഹത്തെ വാർത്തെടുക്കാനാണ് പൊതു വിദ്യാഭ്യാസ വകുപ്പ് Little kites IT CLUB ആവിഷ്കരിച്ചത്. ഒരോ കുട്ടിയിലൂടെയും സാങ്കേതിക വിദ്യയിൽ വൈദഗ്ദ്യമുള്ള സമൂഹത്തെ വാർത്തെടുക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു

**ആധുനിക സാങ്കേതിക വിദ്യയുടെ മാസ്മരിക ലോകത്തെ നന്മ തിന്മകളെ തിരിച്ചറിഞ്ഞ് ഉയരെ പറന്നുയരാൻ എന്റെ എല്ലാവിധ ആശംസകളും നേരുന്നു.......**



ആശംസകൾ..........

ഈ വിദ്യാലയത്തിലെ വിദ്യാർഥികളുടെയും അധ്യാപകരുടെയും സൃഷ്ടികൾ ചേർത്തുകൊണ്ട് SCHOOL IT CLUB ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഉയരെ പറക്കാം എന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

സീനിയർ അസിസ്റ്റന്റ്

ശ്രീ. ജയചന്ദ്രൻ പിള്ള



# Little KITES

'Little KITEs' IT Clubs is a unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming 'Little KITEs IT Clubs'. Little KITEs is set to become the largest Student IT Network in the Country.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION




MUHAMMED AJMAL

# കഷ്ടപ്പാടിന്റെ വില

ഒരിടത്ത് ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളുടെ പെരാണ് ലിയാ. അവൾ അനാഥയാണ്. അവളുടെ കാലിൽ ഒരു അസുഖമായതിനാൽ അവൾക്ക് നടക്കാൻ സാധിക്കില്ല. പുറത്ത് നിന്ന് കുട്ടികൾ കളിക്കുന്നത് കണ്ട് അവൾക്ക് കളിക്കാൻ സാധിക്കില്ലല്ലോ എന്ന് ഓർത്ത് വളരേ വിഷമിക്കും. അവൾ അവളുടെ മുത്തശ്ശി പറഞ്ഞ കാര്യങ്ങൾ ഓർത്തു. മുത്തശ്ശി അവളോട് പറഞ്ഞത് എന്ത് അവസ്ഥ നേരിടേണ്ടിവന്നാലും ആത്മവിശ്വാസം കൈവിടരുത് എന്ന് അവൾ ഒരു നിമിഷം ആലോചിച്ചു. എനിക്ക് എങ്ങനെ എങ്കിലും നടക്കണം, എനിക്കൊരു ജോലി വേണം ഇങ്ങനെയൊക്കെ അവൾ ആലോചിച്ചു. അങ്ങനെ അവൾ തന്റെ വിശ്വാസത്തിൽ പിടിച്ചുനിന്ന് അവൾ ഒത്തിരി പരിശ്രമിച്ചു. അവൾ ഒത്തിരി വീണ് മുറിവ് പറ്റിയെങ്കിലും അവൾ നടന്നു തുടങ്ങി. അതിനുശേഷം അവൾക്ക് സ്വന്തമായി ജോലിയായി. ആഹാരം പരിചരിച്ച് തന്നെ ഉണ്ടാക്കി കഴിക്കും. അങ്ങനെയിരിക്കേ, വലിയ മഴ വന്നപ്പോൾ അവളുടെ വീട്ടിന്റെ വാതിലിൽ നിന്ന് ഒരു കരച്ചിൽ കേട്ടു. അവൾ പുറത്തുചെന്ന് നോക്കിയപ്പോൾ ഒരു നായക്കുട്ടിയായിരുന്നു അത്. അവൾ അതിനെയെടുത്ത് ഒരു പേരും ഇട്ട് കുളിപ്പിച്ച് ആ നായക്കുട്ടിയെ സുന്ദരനാക്കി അതുകഴിഞ്ഞ് അവർ രണ്ടുപേരും കൂടി സന്തോഷത്തോടെ ജീവിച്ചു.

**ആശയം**

ആത്മവിശ്വാസം ഉണ്ടെങ്കിൽ നമുക്ക് ഏത് കാര്യവും നേടിയെടുക്കാൻ കഴിയും.



# CARTOON



ALIYA S
6D

# ആർക്കിമെഡീസ് ശാസ്ത്ര കഥ

സിറാകുസിലെ ഹീറോ രണ്ടാമൻ രാജാവ് ഒരു സ്വർണ്ണ കിരീടം ഉണ്ടാക്കിയപ്പോൾ അതിൽ മായം ചേർന്നിട്ടുണ്ടോ എന്ന് നോക്കാൻ ആർക്കെമെഡീസിനെ ചുമതലപ്പെടുത്തി. കിരീടത്തിന്റെ വ്യാപ്തം അറിഞ്ഞില്ലേ അതിന്റെ സാന്ദ്രത അളക്കാൻ പറ്റുകയുള്ളൂ. കിരീടെ ഉരുക്കി വ്യാപ്തം അളക്കാവുന്ന ഒരു ആകൃതിയിലേക്ക് മാറ്റുവാൻ രാജാവ് സമ്മതിക്കുകയുമില്ല. ആർക്കെമെഡീസ് ഇതിനെ കുറിച്ച് ചിന്തിക്കാൻ തുടങ്ങി. ഈ ചിന്തയുമായി കുളിക്കാനിറങ്ങിയ ആർക്കെമെഡീസ് ആ കുളി തോട്ടിലെ വെള്ളം കവിഞ്ഞൊഴുകുന്നത് ശ്രദ്ധിച്ചു. ഇത് കണ്ടപ്പോൾ കിരീടത്തിന്റെ വ്യാപ്തം അളക്കുന്നതിന് അത് വെള്ളത്തിൽ മുക്കുമ്പോൾ അത് ആദേശം ചെയ്യുന്ന വെള്ളത്തിന്റെ വ്യാപ്തം അളന്നാൽ മതിയെന്ന അദ്ദേഹത്തിന്റെ ബുദ്ധിയിലുതിച്ചു. എന്നാൽ ഇങ്ങനെ കിരീടത്തിന്റെ വ്യാപ്തവും അതിൽ നിന്ന്

അതിന്റെ സാന്ദ്രതയും കണ്ടുപിടിക്കുന്നതിനു പകരം കിരീടത്തിന്റെയും ശുദ്ധമായ സ്വർണ്ണത്തിന്റെയും സാന്ദ്രതയിലുള്ള വ്യത്യാസം കണ്ടെത്താനുള്ള ഒരു വിദ്യ അദ്ദേഹം കണ്ടുപിടിച്ചു. ഇതിന്റെ ആവേശത്തിൽ "യുറീക്ക.......... യുറീക്ക..........." എന്ന് വിളിച്ച് കൂവിക്കൊണ്ട് ആർക്കെമെഡീസ് കൊട്ടാരം വരെ ഓടി എന്ന് പറയപ്പെടുന്നു. "കണ്ടെത്തി" എന്നാണ് യുറീക്ക എന്ന വാക്കിന്റെ അർത്ഥം. ഈ കണ്ടുപിടുത്തത്തിൽ നിന്നാണ് പ്രശസ്ഥമായ ആർക്കെമെഡീസ് തത്വമുണ്ടാകുന്നത്.

"ദ്രാവകത്തിൽ ഒരു വസ്ഥുവിന്റെ ഭാരനഷ്ടവും അത് ആദേശം ചെയ്യുന്ന ദ്രാവകത്തിന്റെ ഭാരവും തുല്യമാണ്."



ഐശ്വര്യ എസ്

6D



# വയനാട്ടിലെ ഓർമ്മകൾ

നേരം വെളുത്തു. നല്ല ക്ഷീണം ഉണ്ടായിരുന്നതിനാൽ നല്ല ഉറക്കം ആയിരുന്നു. രാവിലെ തന്നെ ആഹാരം കഴിച്ച് ഞങ്ങൾ സൂചിപ്പാറവെള്ളച്ചാട്ടം കാണാനും ഒപ്പം കുളിക്കാനും പോയി. താമസിച്ച സ്ഥലത്തു നിന്ന് അരകിലോമീറ്റർ മാത്രം ദൂരമേ ഉള്ളായിരുന്നു. എല്ലായിടത്തെയും പോലെ അവിടെയും പാസ് എടുക്കണമായിരുന്നു. കുറച്ച് ദൂരം നടന്നു വേണം അവിടെ എത്താൻ. അവിടെ എത്തിയ ഞങ്ങൾ ഉടനെ തന്നെ വെള്ളത്തിൽ ഇറങ്ങി. വേനലിന്റെ ഘാഠിന്യം അവിടെ പ്രതിദ്വനിക്കുന്നുണ്ടായിരുന്നു. അത് കൊണ്ട് തന്നെ വെള്ളം വളരെ കുറവായിരുന്നു. നല്ല വേഗത്തിലുള്ള വെള്ളച്ചാട്ടം ആയിരുന്നു. ഉമ്മിയൊഴിച്ച് ബാക്കി എല്ലാവരും വെള്ളത്തിൽ ഇറങ്ങി. മണിക്കൂറോളം അവിടെ ചിലവിട്ട ഞങ്ങൾ റൂമിലേക്ക് തിരിച്ചെത്തിയ ഉടൻ തന്നെ ഉച്ച ഭക്ഷണം കഴിഞ്ഞ് അവിടെ നിന്ന് ഞങ്ങൾ മടങ്ങി. തിരിച്ച് വരുമ്പോൾ ഞങ്ങളുടെ മനസ്സിൽ പ്രകൃതിയോട് വിട പറഞ്ഞു.


പ്രകൃതിയേയും ഒപ്പം ഞങ്ങളുടെ മനസ്സിനെയും മങ്ങത്


ഏൽപ്പിച്ചു.

ഹിബ ഫാത്തിമ

5B







[redacted]

# മലയാളത്തിലെ ആദ്യ നോവൽ

കേരളത്തിലെ ഒട്ടു മിക്ക സാഹിത്യങ്ങളും കടന്നു വരുന്നത് ഇംഗ്ലിഷ് സാഹിത്യത്തിൽ നിന്നാണ് ഇംഗ്ലീഷുകാരുടെ വരവോടു കൂടി ഇന്ത്യൻ ജനത സാംസ്കാരികമായ വികാസം നേടി എന്നുള്ളത് നിഷേധിക്കാനാകാത്ത സത്യമാണ്. 1945 നോട് കൂടി UNO എന്ന സംഘടന സ്ഥാപിതമായപ്പോൾ ലോക ഭാഷകളിലെല്ലാം ഒട്ടേറെ വിവർത്തനങ്ങളും ഉണ്ടായി.

മലയാളത്തിലെ ആദ്യത്തെ നോവലായി പരിഗണിക്കുന്ന അപ്പു നെടുങ്ങാടിയുടെ കുന്ദലത എന്ന നോവലാണ്. എന്നാൽ ഇത് നോവലിന്റെ ലക്ഷണങ്ങൾക്ക് യോജിക്കുന്നതായിരുന്നില്ല. കഥാപാത്രങ്ങൾക്കൊപ്പം വികസിക്കുന്ന കാലഘട്ടത്തിന്റെ ചരിത്രമാണ് നോവൽ. നോവലിന്റെ ഈ ലക്ഷണങ്ങളെ സാധൂകരിക്കുന്ന ആദ്യത്തെ നോവൽ ഓ ചന്തുമേനോന്റെ ഇന്ദുലേഖ എന്ന നോവലാണ്. ബിക്കൻസ് ഫീൽഡിന്റെ ഹെൻട്രിറ്റാടെംബിളിന്റെ അടിസ്ഥാനത്തിലാണ് ഇന്ദുലേഖ എന്ന നോവൽ എഴുതപ്പെട്ടത്. 18-ാം

നൂറ്റാണ്ടിന്റെ സാമൂഹിക അവസ്ഥകളെ തുറന്നു കാട്ടുന്ന നോവലാണിത്. ഒരു കൃതിയെ മഹത്വശോഭമാക്കുന്ന ബാഹ്യഘടകങ്ങളാണ് കാലം, ദേശം, ഭാഷ എന്നിവ പിൽക്കാലത്ത് മലയാളത്തിൽ ഉണ്ടായ മിക്യ നോവലുകളും ഈ പ്രത്യേകതകൾ പാലിക്കുന്നവയാണ്.

ആസിഫ്

9E





## മനുഷ്യനും ശാസ്ത്രപുരോഗതിയും

നാം ഇന്ന് ശാസ്ത്രയുഗത്തിലാണ് ജിവിക്കുന്നത് കഴിഞ്ഞ് ഒരുനൂറ്റാടിനിടയില്ല ശാസ്ത്ര സാങ്കതിത വിദ്യരഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ നടന്നു.ശാസ്ത്രം നിമിഷം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ് സമ്പന്ന രാഷ്ട്രങ്ങളുടെ പുരോഗതിശാസ്ത്ര പുരോഗതിയുടെ ഫലം തന്നെയാണ്

ചക്രങ്ങളുടെ കടെത്തലും അഗ്നിയുടെ കടെത്തലുമാണ് മനുഷ്യപുരോഗതുയുടെ ആദ്യത്തെ കുതിപ്പ്പിന്നിട് സുഖത്തിനും സൗകപര്യത്തിനും വേണ്ടാ മനുഷ്യൻ നടത്തിയ ചിന്തകളും പരിശ്രമങ്ങളും അത്ഭുതകരമായ പല കണ്ടെത്തലുകൾക്കും വഴിവച്ചു വൈദ്യുതിയുടെ കണ്ടെത്തൽ മനുഷ്യപുരോഗതിയു ചരിത്രത്തിലെ ഏറ്റവും വലിയ നാഴികക്കല്ലാണ് ഈ കണ്ടത്തലാണ് യന്ത യുഗത്തിലേക്ക് മനുഷ്യനെ എത്തിച്ചത് ക്രമേണഎന്തിനും ഏതിനും മനുഷ്യൻ കായികാധ്യാനം വളരെ ലകുകരിക്ക്യപ്പെട്ടു വാഹനങ്ങലുടെ കണ്ടുപിടിത്തം ദൂരത്തെമറികടക്കാൻ സഹായിച്ചു ലോകത്ത് എവിടെയും മനുഷ്യൻ ചെന്നെത്താം എന്ന നഥിതി വന്നു ഇതിനാ ഒരു പാട് ഗുണവും വളർച്ചയും മനുഷ്യരാളിക്ക് ഉണ്ടായെഗിലും

കോവിഡ് -19 ലോകം മുഴവൻ പടരുന്നതിനും ശാസ്ത്രത്തിനും ഈരോഗതി ഒരു കാരണമാണ് കടലിലൂടെയും കരയിലൂടെയും സന്ജരിക്കാൻ ഉതകുന്ന വാഹനങ്ങള്ള നിർമിക്കപ്പെട്ടു ശബ്ദത്തേക്കാം വാഹനങ്ങളുടെ കണ്ടെത്തൽ ദൂരത്തെ കീഴ്പ്പെടുത്തിയതുപോലെ അച്ചടിയുടെ കണ്ടെത്തൽ കാലത്തെ കീഴ്പ്പെടുത്താൻ മനുഷ്യനെ സഹായിച്ചു മനുഷ്യൻ ചന്ദ്രനിൽകാല് കുത്തിയിരിക്കുന്നു ചന്ദ്രനിലേക്കും ചൊവ്വയിലെക്കും വരെ വാഹനങ്ങള അയച്ചിരിക്കുന്നു ഈ പ്രപന്ജം തന്നെ മനുഷ്യൻ കാൽക്കിഴിരിക്കുകയാണ് ഇതെല്ലാം ശാസ്ത്ര പുരോഗതിയുടെ ഫലമാണ്





# Importances of Education

Education is the most important thing for human beings. It is a continuous and life long process. It brings a great change in our life. Without education we cannot achieve success in life. education is an important tool for the bright future. It help us to learn many new and good things and it increases self confidience within us . It makes us independent and helps uys to become better citizen . Education is essential to make this world a better place for living

Educartion is not just about books and classrooms . It also includes learning from experiences and trying new things .When we make mistakes we learn from them and become better . Educated people are always respected . They are respected wherever they go. Education provides man power like doctor,mechanics,pilot,teachers etc.. They can play an important role for rthe development of the country. More over education teachers us how to be good citizen. We learn about being kind, shasring and helping others this helps make our community a better place to live

Education develops problem solving skills it bring awareness to differentiate between right and wrong so a country should give first priority to education

Education is like a guide that helps us navigate through life. It opens our mind to new idea and possibilities whether we are young or old ,education is something that never stops it is a power tool that shapes our future and the world around us so let's value education and make use of the most of the opportunities to learn and grow

"Education is the most power full weapon
Which you can used to change the world
The World

-Nelson Mandela




If you often wash like this
We have
often run
like



# മരണമേ നീ തന്നെ സത്യം

രണമേ നീ തന്നെ
സത്യം

ജാസ്റ്റിൻ മുളമൂട്ടിൽ

നോവുന്ന വഴികളിൽ ഇടറി വീഴാതെ
പ്രാണനിൽ കുത്തി മുറിവേറ്റുകേഴാതെ
ചുറ്റും ഭയപ്പാടിൻ മുള്ളിൽ ചവിട്ടാതെ
നീറുന്ന മനമോടെ ഒറ്റയ്ക്ക് പോകണം.
കപടത പൊള്ളുന്ന വഴികളിൽ നീളെ
ശുഭ്രവസ്ത്രങ്ങൾ അലങ്കരിച്ചീടണം..
മരണമേ നീ തന്നെ സത്യം....
മരണമേ നീ തന്നെ സത്യം....
നിലയറിയാത്തൊരാ ജീവിതച്ചുഴിയിൽ
കോമാളി വേഷം പറിച്ചെറിഞ്ഞീടണം
അർത്ഥമില്ലാത്തൊരീ ലോകത്ത് നിന്ന്
തനിയെ പിൻവാങ്ങി നടകൊള്ളണം..
ഓർക്കാതിരിക്കാനാകില്ല നിങ്ങൾക്ക്
ഓർമ്മകൾ കൊണ്ട് കണ്ണീരണിയണം.
മരണമേ നീ തന്നെ സത്യം
മരണമേ നീ തന്നെ സത്യം
സ്നേഹദുഃഖങ്ങളോ മരവിച്ചുപോയി..
വിരഹബോധങ്ങളോ മൂകസാക്ഷി
മൃത്യുവിന്നാഴം പതിയെ പുതയ്ക്കുവാൻ
കൂട്ടരും മിത്രവും തടസ്സമാകുന്നു..
ചുറ്റും മരണമന്ത്രങ്ങൾ മുഴങ്ങുന്ന
ലോകത്തെ തേടി ശാന്തി കൊള്ളണം
മരണമേ നീ തന്നെ സത്യം...
മരണമേ നീ തന്നെ സത്യം .....


Muhammed Ajmal-N

# A magical golden rabbit

Once up on a time there was a marchant. He had a golden rabbit . One day he had an idea .It was his wisdom to sell that rabbit for a huge price . Then one day a rich boy came and chased it. Then two thieves saw the golden rabbit being hunted by the rich boy. So the two thieves followed the rich to his his house. One of those thieves said lets steal that rabbit tonight while every one in this house is sleeping. And so those two thieves also stole the golden rabbit. The next day morning when the boy looked in the rabbit's cage the rabbit was not here.So the boy complained to the police and said that he could not find his rabbit .So the police kept the searching and the family members kept searching.So the next day, the rabbit also came home. So the boy happly asked the rabbit why did you come back here and who kidnapped you? So the rabbit started talking and then the rabbit said that Iam a magical golden rabbit and I waskidnapped by two thieves. Then the boy asked in surprise how did you come to them and can you show me the place.then the golden rabbit said "ok I will show it to you so the boy called


the police and went to the place where the rabbit had shown him. At that time the boy and the police where surprised. Then the boy asked the rabbit whast did you do to them I killed them the said that the boy asked.why then the rabbit said I will punish those who hurt me I will give love to those who love me.


What is the point of this fight?

Do not harm anyone and do not steal anyone’s property

-Hiba Fathima 5b






CARTOON
Aayisha

# മനുഷ്യ പുരോഗതിയിൽ ശാസ്ത്രം വഹിക്കുന്ന പങ്ക്

ആധുനിക ജീവിതത്തിൽ ശാസ്ത്രം വഹിക്കുന്ന പങ്ക് ആർക്കും നിഷേധിക്കാനാവാത്തതാണ്. ചിന്തിക്കുന്ന മനുഷ്യന് ശാസ്ത്ര അനന്തമായ പ്രതിഭാസം തന്നെ. ശാസ്ത്രം ഒരർത്ഥത്തിൽ രക്ഷകനും മറ്റൊരർത്ഥത്തിൽ ശിക്ഷകനും ആയി മാറിയിരിക്കുകയാണ്. സ്ഥലകാലങ്ങൾ തമ്മിലുള്ള അകലം കുറക്കാനും മനുഷ്യന് പറവയെ പോലെ ആകാശത്ത് പറക്കാനും മത്സ്യത്തെപ്പോലെ വെള്ളത്തിൽ നീന്താനും ശാസ്ത്രം ഉപകാരിയായി തീർന്നിരിക്കുന്നു.

മൊട്ടുസൂചിമുതൽ കമ്പ്യൂട്ടർ വരെ അതിന്റെ എണ്ണിയാലൊടുങ്ങാത്ത പട്ടികയിൽ പെടുന്നു. നിരത്തിലൂടെയോടുന്ന വാഹനങ്ങളും പാളത്തിലൂടെയോടുന്ന തീ വണ്ടിയും ആകാശത്തിലൂടെ പറക്കുന്ന വിമാനങ്ങളും മനുഷ്യ ജീവിതത്തെ കൂടുതൽ സുഗമമാക്കുന്നു. ദൈനംദിന ജീവിതത്തിലെ മറ്റ് രംഗങ്ങളിലും ഈ മുന്നേറ്റം കാണാം. ഗൃഹ സംബന്ധമായ കാര്യങ്ങൾ നോക്കാം. ഗ്യാസ് സ്റ്റൗ, പ്രഷർകുക്കർ, മിക്സി തുടങ്ങിയവ തിരക്കേറിയ ആധുനിക മനുഷ്യന്റെ ജീവിതം ആശ്വാസമുള്ളതാക്കുന്നു. ഏറ്റവും മാരകങ്ങളായ യുദ്ധമുറകളും യുദ്ധോപകരണങ്ങളും നിർമ്മിച്ചു കൂട്ടുന്നതിലാണ് ശാസ്ത്രവികസനത്തിന്റെ സാധ്യത കാണുന്നത്. ഇത് അപകടകരമായ ഒരു പ്രവണതയാണ്. ഡൈനാമിറ്റ് കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ പശ്ചാത്താപത്താൽ നോബൽ സമ്മാനം ഏർപ്പെടുത്തി, മനശാന്തി നേടി. പക്ഷേ ഡൈനാമിറ്റുകൾ ഇന്നും പൊട്ടിത്തെറിക്കുന്നു. അശാന്തിപർവ്വതത്തിൽ ഇന്നും ജനകോടികൾ അരക്ഷിതരാണ്. ശാസ്ത്രം വികലബുദ്ധികളുടെ തടങ്കലിൽ ആവുമ്പോൾ ശാസ്ത്ര വികസനം അനഭികാമ്യമാകും.

മാരകഫലങ്ങൾ സൃഷ്ടിക്കുവാൻ കഴിവുള്ള അണ്വായുധങ്ങൾ പല രാജ്യങ്ങളും കരുതിവെച്ചിരിക്കുന്ന അവസ്ഥ ഇന്ന് ലോകത്തെ ഭയപ്പെടുത്തുന്നു. രണ്ടാം ലോക മഹായുദ്ധത്തിൽ അമേരിക്ക അണുബോംബ് പ്രയോഗിച്ചതിന്റെ കെടുതികൾ ജപ്പാനിൽ ഇന്നും അനുഭവപ്പെടുന്നുണ്ട്. ശാസ്ത്രത്തിന്റെ പുരോഗതി മൂലം വായുവും, ജലവും, മണ്ണും മലിനമായി കൊണ്ടിരിക്കുന്ന അവസ്ഥയാണിന്നുള്ളത്. ചുരുക്കിപ്പറഞ്ഞാൽ പാമ്പിന്റെ കഴുത്തിൽ അകപ്പെട്ട തവളയുടെ സ്ഥിതിയാണ് ഇന്ന് മനുഷ്യന്റേത്.

ഈ അവസ്ഥയിൽ നിന്നും മനുഷ്യന് മോചനം നേടാൻ ശാസ്ത്രത്തെ സമാധാനപരമായ കാര്യങ്ങൾക്കും മാത്രം ഉപയോഗിക്കണം. അതിനാൽ രക്ഷകനായിരുന്ന ശാസ്ത്രത്തെ ശിക്ഷകൾ ആക്കാൻ ശ്രമിക്കുന്ന ഇന്നത്തെ പോക്ക് തീർച്ചയായും നിയന്ത്രിക്കണം.

മെഡിക്കൽ രംഗത്ത് ക്യാൻസറിലുള്ള ചികിത്സ മുതൽ പ്ലാസ്റ്റിക് സർജറി വരെ നമ്മുടെ ആശുപത്രികളിൽ നടക്കുന്നു. ടെസ്റ്റ് ട്യൂബ് ശിശു വൈദ്യശാസ്ത്രരംഗത്തെ വലിയ സംഭാവനെയാണ് കിഡ്നി, ഹൃദയം തുടങ്ങിയവ മാറ്റിവയ്ക്കുന്നു. ശാസ്ത്രക്രിയയും ശാസ്ത്രം വിജയിച്ചിരിക്കുന്നു. പോളിയോ രോഗങ്ങൾക്ക് പ്രതിരോധ ചികിത്സ നമുക്കിന്ന് ലഭ്യമാണ്. കോവിഡിനുള്ള ഫലപ്രദമായ വാക്സിൻ നിർമ്മിക്കാനുള്ള ശാസ്ത്രത്തിന്റെ ശ്രമവും വിജയിച്ചു.

വാർത്താവിനിമയരംഗത്ത് ശാസ്ത്രം വളരെ പുരോഗമിച്ചിരിക്കുന്നു. പത്രം, വാരികൾ, റേഡിയോ, ദൂരദർശൻ, കമ്പ്യൂട്ടർ തുടങ്ങിയവ ഉദാഹരണങ്ങൾ. രേഖകളുടെ വൻശേഖരങ്ങളിൽ നിന്ന് നമ്മുക്ക് ആവശ്യമായ വിവരം പെട്ടെന്ന് തെരെഞ്ഞെടുത്തു തരുന്ന വിശ്വസ്ഥ സേവകരായി തീർന്നിട്ടുണ്ട് കമ്പ്യൂട്ടർ. കമ്പ്യൂട്ടർ സോഫ്റ്റവെയർ രംഗത്ത് ഇന്ത്യയുടെ സ്വന്തം ശാസ്ത്രജ്ഞർ വെന്നിക്കൊടി പാറിച്ചുകഴിഞ്ഞു. ശാസ്ത്രത്തിന്റെ അനന്ത ബാധ്യതകൾ നമ്മെ അത്ഭുതപ്പെടുത്തുന്നുണ്ടെങ്കിലും അതിന്റെ സംഹാരാത്മത നമ്മെ അസ്വസ്ഥരാക്കുന്നു. പരസ്പര വൈരികൾ ആയ രാജ്യങ്ങൾ തങ്ങളുടെ പേശി ബലം കാട്ടുന്നത് ശാസ്ത്രത്തിന്റെ പിൻബലത്തിനാണ്.

ജസീന ജെ
6D





# അമ്മക്കിളിയും കുഞ്ഞുങ്ങളും

ഒരിടത്ത് ഒരിടത്ത് ഒരു അമ്മക്കിളിയും കുഞ്ഞുങ്ങളും ഉണ്ടായിരുന്നു. വളരെ അധികം പാവം ആയിരുന്ന അമ്മക്കിളി കൂട്ടുകൾ ഇല്ലാത്തവർക്ക് കൂട്ടുകൾ ഉണ്ടാക്കി കൊടുക്കുമായിരുന്നു. അമ്മക്കിളി തന്റെ ഭക്ഷണത്തിന്റെ ഒരു പങ്ക് എല്ലാവർക്കും കൊടുത്തിട്ടെ കഴിക്കുകയുള്ളൂ. അങ്ങനെ ഇരിക്കെ, അമ്മക്കിളി മുട്ടകൾ ഇട്ട് വളരെ അധികം സന്തോഷത്തോടെ പിറ്റേന്ന് ഭക്ഷണം തേടാനായി പുറത്തേക്ക് പോയ തക്കംനോക്കി ഒരു പരുന്ത് മുട്ടകൾ എടുത്ത് കൊണ്ടുപോയി. ആ സമയം അമ്മക്കിളി വന്നു. അമ്മക്കിളി കുഞ്ഞുങ്ങളെ കാണാത്തതു കൊണ്ട് ഉറക്കെ കരഞ്ഞു. ആ ശബ്ദം കേട്ട് ഒരു കുരുവി ചോദിച്ചു എന്തിനാണ് അമ്മക്കിളി കരയുന്നത്. കുരുവി എന്റെ കുഞ്ഞുങ്ങളെ കാണുന്നില്ല. അപ്പോൾ അമ്മക്കിളി പറഞ്ഞു ആ ദുശ്ടൻ പരുന്തിന്റെ വീട്ടിലേക്ക് പോയാലോ എന്നാ അമ്മക്കിളി പറഞ്ഞു. ഇത്രക്ക് പരുന്തിനെ സംശയം. ഞാൻ മുട്ടയിട്ട അന്നുമുതൽ എന്റെ മുട്ടകളെ നോക്കിക്കൊണ്ട് നിന്നു. എന്നാൽ വാ നമുക്ക് പോകാം അമ്മക്കിളി, ദേ കുഞ്ഞുങ്ങൾ ഇനിയിപ്പോൾ എന്തു ചെയ്യും. കുരുവി പറഞ്ഞു ഒരു സൂത്രം പ്രയോഗിക്കാം. ഞാൻ എങ്ങെനെയെങ്കിലും പരിന്തിന്റെ ശ്രദ്ധ മാറ്റാം. അപ്പോഴേക്കും അമ്മക്കിളി കുഞ്ഞുങ്ങളെ രക്ഷിച്ചോ..... അങ്ങനെ കുരുവി പരുന്തിന്റെ കൂട്ടിനടുത്ത് വന്നിരുന്ന് പാട്ടുകൾ പാടാൻ തുടങ്ങി. ആ ശബ്ദം കേട്ട് പുറത്തുവന്ന പരുന്ത് കുരുവിയെ ഓടിക്കുന്ന തക്കം നോക്കി അമ്മക്കിളി മുട്ടകൾ എടുത്തുകൊണ്ടുപോയി. അമ്മക്കളി കുരുവിക്ക് നന്ദി പറഞ്ഞ് അവിടെ നിന്ന് മടങ്ങിപോയി.

ആഷ്ന ഫാത്തിമ 5D

## ആര്മുന്നിൽ



ഏതു ദുഃഖത്തിൻ നിഴലുകളായ് നമ്മൾ, പോകുന്ന
മുന്നിൽ മൂടുപടം നെയ്ത്.. ആശയറ്റൊരാ ദേഹിതൻ
മൗനമോ,
ഉടൽ പകുത്തൊരാ പ്രണയമത് ശൂന്യമോ..

പുഴയൊരു വരണ്ട കഥ പാടുന്നു,
വേനലൊരു വെയിൽ പിണക്കുന്നു,
മഴയത് കണ്ടു മറന്നിരിക്കുന്നു,
മുന്നിലിരുളിൽ മഞ്ഞും തിരികെ നടക്കുന്നു...
ആരാണ് മുന്നിൽ കദനകഥ മെനയുവാൻ ആരാണ്
മുന്നിൽ പൂക്കൾ മറിയുന്നു...

ഒരു താരുണ്യമാമുഖം കുനിഞ്ഞീടുമ്പോൾ,
ഒരു പൈതൽ തന്നുടൽ മരവിച്ചു പോകുന്നു.
ഗർഭസ്ഥ ശിശുവിൻ വിലാപമുയരുന്നു, ബാല്യത്തെ
കൊന്ന് കൊലവിളിക്കുന്നു... ആരാണ് മുന്നിൽ
ഭ്രൂണഹത്യ പാപം,
പുലമ്പിയോടുന്നു നെറികെട്ട മാനുഷർ...

സ്നേഹഭംഗത്തിൻ കഥയറിയാതെ, വിഷപാനീയങ്ങൾ
ജീവൻ കൊയ്യുന്നു.
മാതൃപിതൃ വാത്സല്യമൊക്കെയും,
ചോർന്നു പോകുന്നു, നിലയറിയാതെ..
ആര് മുന്നിൽ കാരുണ്യമില്ലാ യാത്രയിൽ

# Health is god gift to us

“health is not just about what you’ re eating”It’s also about what you’re thinking and saying. The basic laws of good health are related to the food. We eat, the amount of physical excercise we do, Our cleanliness, rest and relaxation. Health refers to the physical and mental state of a human being. To stay healthy is not an option but necessity to live a happy life. Health is wealth and more important than money. Health is the biggest asset we need every day to meet our goals. Similarly maintaining health is dependent on a lot of factors .It ranges from air you breath to the type of people you choose to spend your time with. Health has a lot of components that carry equal importances. If even one of them is missing a person cannot be completely healthy

first we have our physical health. This means being fit physically and in the absence of any kind of disease or illness. When you have good physical health, you will have a longer life span. One may maintain their physical health by having a balanced diet. Do not miss out the essential nutrients ;take each of them in appropriate quantities. Secondly, you must exercise daily. It may be for ten minutes only

butver miss it. It will help your body to maintain physical fitness. More over, do not consume junk food all the time. Do not smoke or drink as it has serious harmful consequences. Lastly, try to take adequate sleep regularly instead of using your phone. Next we talk about our mental health. Mental health refers to the pshychological and emotional well-being of a person. The mental health of a person can be maintained by being positive and meditating. Subsequently, social health and cognitive health are equally important for the overall well-being of a person. Social health can be maintained by effective communication with others.

Parents always take care of their children's physical needs. They feed them with nutritious foods and always dress up there wounds immediately. They fail to notice the deteriorating of their child. Mostly so, because they do not give it that much importance. It is due to the lack of awareness amongst people. Even amongst adults, you never know what a person is going through mentally. Thus, we need to be able to recognize the signs of mental illness. A laughing person does not equal a happy person. We must not consider mental illness as a taboo

and give it the attention it deserves to save people's lives. Without health, nothing can be accomplished, and no accomplishment can be enjoyed. So, make sure to eat healthy food, and feel healthy for a wonderful life because health is god's gift to us.

-sana .s 9E



# ലോകത്തിലെ 7 മഹാത്ഭുതങ്ങൾ

## ഗിസയിലെ പിരമിഡ്




ബി.സി 2750 ൽ ഖുഫു എന്ന ഫറോവ തന്റെ സ്വന്തം ശവകുടീരം കാത്ത് സൂക്ഷിക്കാനായി പണികഴിപ്പിച്ച ഈ പിരമിഡ് ഭൂമിയിലെ ഏറ്റവും പഴക്കമുള്ളതും ഉയരം കൂടിയതുമായ സ്മാരകമണ് പ്രാചീന സപ്താത്ഭുതങ്ങളിൾ അവശേഷിക്കുന്ന ഒന്നേയെന്ന്ചതുരാക്രൃതിയിൽ ചെത്തിയെടുത്ത ചുണ്ണാമ്പു കല്ലുകളും കരിങ്കല്ലുകളും കൊണ്ട്നിർമ്മിച്ച ഈ പിരമിഡാണ്

# ചീച്ചൻ ഇറ്റ്സ



മായൻ സംസ്കാരകാലത്ത് നിർമ്മിക്കപ്പെട്ട ഒരു ചരിത്ര നഗരമാണ് മെക്സിക്കോയിൽ സ്ഥിതി ചെയ്യുന്ന ചീച്ചൻ ഇറ്റ്സ. യുനെസ്കോ ലോക പൈതൃക പട്ടികയിൽ ചിച്ചൻ ഇറ്റ്സ ഇടം നേടിയിട്ടുണ്ട്2007 മുതൽ പുതിയ ഏഴ് ലോകാത്ഭുതങ്ങളിൽ ഒന്നാണ് ചിച്ചൻ ഇറ്റ്സ

# പെട്ര



ചരിത്ര പരമായി പ്രാധാന്യമുള്ള പുരാതന ജോർദാനിയൻ നഗരമാണ് പെട്ര ബി സി ആറാം നൂറ്റാണ്ടിൽ നിർമ്മിച്ച ജോർദാന്റെ ചിഹ്നമായ പെട്ര ഒരു പ്രശസ്ത വിനോദസഞ്ചാര കേന്ദ്രം കൂടിയാണ് ലോകത്തിലെ ഏഴ് അത്ഭുതങ്ങളിലൊന്നായ പെട്ര ലോക പൈത്രക പട്ടകയിൽ ഇടം നേടിയിട്ടുണ്ട് ജോർദാനിലെ വാദി അറബ് മണലാരണ്യത്തിലെ കാലമാപിനികൾക്കു മുമ്പിലാണ് നഗരത്തിന്റസ്ഥാനം.

# കൊളോസിയം



റോമാ സാമ്രാജ്യത്തിൽ നിലനിന്നിരുന്ന പൊതു വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഏറ്റവും വലുത് കൊളോസിയം അഥവാ ഫ്ലാവിയൻ ആംഫിതിയറ്റർ എന്നൊക്കെ അറിയപ്പെടുന്ന ഈ തിയറ്ററായിരുന്നു. അമ്പതിനായിരത്തിലേറെ കാണികളെ ഉൾകൊള്ളുന്ന ഈ തിയറ്റർ അക്കാലത്ത് നിലനിന്നിരുന്ന ക്രൂരവിനോദമാ ഗ്ലാഡിയേറ്റർ മല്ലയുദ്ധങ്ങളുടെ വേദി ആയിരുന്നു.ക്രിസ്തുവിന് ശേഷം ഏഴാം ദശകത്തിലാമണ് ഇത് പണികഴിപ്പിച്ചത്



# മഹാത്മാഗാന്ധി

ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധി എന്ന മോഹൻദാസ് കരംച
പുത്ലിബായുടെയും കരംചന്ദ്ഗാന്ധിയുടെയും മകനായിട്ട് 1869 ഒക്ടോബർ 2
അദ്ദേഹത്തിന്റെ 13 മത്തെ വയസ്സിൽ കസ്തൂർഭാ ബായിയെ വിവാഹം കഴിച്ചു
ശേഷം ഇംഗ്ലണ്ടിൽ വക്കീൽ പഠനത്തിനു പോയി.

അതിനു ശേഷം ഇന്ത്യയിൽ തിരിച്ചെത്തി. പിന്നെ ദക്ഷിണാഫ്രിക്കയിലേക്ക് ഒ
വാദിക്കുവാനായി പോയി. അവിടുത്തെ ഇന്ത്യക്കാരുടെ അവസ്ഥ കണ്ട്
വേണ്ടി പോരാടാൻ തീരുമാനിച്ച അദ്ദേഹം അദ്ദേഹത്തിന്റെ ആദ്യത്തെ സ
സമരം പുറപ്പെടുവിച്ചു. ദക്ഷിണാഫ്രിക്കയിൽ 'ട്ടോൾസ്റ്റോയി ഫാം അ
അദ്ദേഹത്തിന്റെ ആദ്യത്തെ പത്രമായ 'ഇന്ത്യൻ ഒപ്പീനിയൺ' അവിടെ ന
1915 ൽഗാന്ധിജി ഇന്ത്യയിൽ തിരിച്ചെത്തി. 1916 ൽ സബർമതി ആശ്രമം അ
1917 ൽ ആയിരുന്നു അദ്ദേഹത്തിന്റെ ഇന്ത്യയിലെ ആദ്യത്തെ സത്യാഗ്രഹമാ
ചമ്പാരൻ സത്യാഗ്രഹം. പിന്നെ 1918 ൽ അഹമ്മദാഭാതിലെ സത്യാഗ്രഹം. 19
സമരവും വിജയകരമായി കഴിഞ്ഞു. 1920 ൽ അദ്ദേഹം നിസ്സഹകരണ പ്ര
ആരംഭിച്ചു. 1922 ലെ ചൗരിചൗരാ സംഭവത്തെ തുടർന്ന് നിസ്സഹരണ പ്ര
നിർത്തിവച്ചു. 1930 ൽ "രഘുപതി രാഘവ രാജ റാം പതീത പാവന സീതാ റാം
ഗാനവുമായി സബർമതി ആശ്രമത്തിൽ നിന്ന് 372 കി.മീ. ദണ്ഡി കടപ്പു
നടന്ന് ദണ്ഡി സമരം പുറപ്പെടുവിച്ചു. 1931 ൽ നിയമലംഘന പ്രസ്ഥാനം അ
1942 ൽ "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മുദ്രാവാക്യത്തോടെ ക്വി
സമരം പുറപ്പെടുവിച്ചു. 1945 ൽ അദ്ദേഹത്തിന്റെ പത്നി കസ്തൂർഭാഗാന്ധി ആ
കൊട്ടാരത്തിൽ വെച്ച് മരണമടഞ്ഞു. 1947 ആഗസ്റ്റ് 15 ൽ ഇന്ത്യയ്ക്ക് സ
ലഭിക്കുമ്പോൾ ഗാന്ധിജി ബംഗാളിലായിരുന്നു. 1948 ജനുവരി 30 ന്
വിനായക് ഗോഡ്സെ എന്ന മതഭ്രാന്തന്റെ വെടിയുണ്ടകൾ അദ്ദേഹ
മരണത്തിലേക്ക് നയിച്ചു.

# The Incredible World of IT



The field of information technology, or IT, covers the support, administration, and design of telecommunications and computer systems. Some positions in this field include system analysts, software programmers, computer scientists, computer support specialists, and network and database administrators.

Here are six different types of jobs in information technology.

- *Technical Support. Tech support is generally what most non-IT folk think of when they imagine an information technology department. ...*
- *Programmers. ...*
- *Web Developers. ...*
- *Computer Systems Analyst. ...*
- *IT Security. ...*




കേരളം

കേരളം എന്റെ കേരളം

കേരം നിറഞ്ഞ നാടാണെന്റെ കേരളം

കഥകളി മുദ്രകൾ ഉണരും നാടാണെന്റെ കേരളം

ആത്മാവിലലലിയും മരണമൊഴികളോ..

യൗവനത്തിനുള്ളിൽ ഭ്രാന്തമായ് നീങ്ങവേ,
ലഹരിയിൽ മുങ്ങുന്ന ജീവിതത്തോണി..
ഉന്മാദമേകുന്ന, ആർഭാടമാകുന്ന,
ആർത്തലയ്ക്കുന്ന , വരണ്ട ജന്മങ്ങൾ..
ആര് മുന്നിൽ ഞാനോ നീയോ..

തിന്മകൾ മുന്നിൽ മത്സരിച്ചോടുന്നു...
ഞാനാണ് മുന്നിൽ ലഹരിയോതുന്ന ഞാനാണ് മുന്നിൽ
കൊലവിളി ഉയരുന്ന ഞാനാണ് മുന്നിൽ
അസത്യമെയ്യുന്ന
ഞാനാണ് മുന്നിൽ ചുറ്റും പിറുപിറുക്കുന്ന




ഉയരെ പറക്കാം
പ്രതീക്ഷയോടെ..........